# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1561

04/12/2015 - ൽ മറുപടിക്ക്.

## ക്ലീൻ കേരള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.കെ.ശിവദാസൻ നായർ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ലീൻ കേരള എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സംസ്ഥാനത്തെ നഗരങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടു കൂടി പരിസ്ഥിതിക്കു കോട്ടം വരാത്ത രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും ശുചിത്വാരോഗ്യ രംഗത്ത് വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. |
| (സി) | കമ്പനിയുടെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 1956ലെ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി കമ്പനി രജിസ്റ്റർ ചെയ്ത് 10/12/2013 ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അമ്പത്തിയെട്ട് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും/മുനിസിപ്പാലിറ്റികളിൽ നിന്നുമായി ഇതിനകം മൂലധനമിനത്തിൽ 865.15 ലക്ഷം രൂപ സമാഹരിച്ച് പ്രവർത്തനം നടത്തുന്നു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവകുപ്പുമന്ത്രി ചെയർമാനും, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (നഗരകാര്യ) സെക്രട്ടറി, എം.ഡി. ക്ലീൻ കേരള കമ്പനി എന്നിവർ ഉൾപ്പെടെയുള്ളവർ ഡയറക്ടർമാരായും കമ്പനി പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം വഴുതക്കാട് സ്റ്റേറ്റ് മുനിസിപ്പൽ ഹൗസിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൽ മാനേജിംഗ് ഡയറക്ടർ, പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് എക്സിക്യൂട്ടീവ്മാർ ഉൾപ്പെടെ കമ്പനിയുടെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ